# കേരളസർവകലാശാല

*Re-accredited by NAAC with A++ GRADE*

നം. പി.ആർ. 233/2024 തിരുവനന്തപുരം, തീയതി: 19/10/2024

# പത്രക്കുറിപ്പ്

## പരീക്ഷാഫലം

കേരളസർവകലാശാല യൂണിവേഴ്സിറ്റി കോളേജ് ഓഫ് എഞ്ചിനീയറിംഗ് കാര്യവട്ടത്തെ അഞ്ചാം സെമസ്റ്റർ ബി.ടെക്. 2020 സ്കീം – (റെഗുലർ – 2021 അഡ്മിഷൻ, സപ്ലിമെന്ററി – 2020 അഡ്മിഷൻ), മെയ് 2024 പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും 2024 ഒക്ടോബർ 28 വരെ അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in).

## സീറ്റ് ഒഴിവ്

കേരളസർവകലാശാല അറബിക് പഠനവകുപ്പ് നടത്തുന്ന 'Post Graduate Diploma in Arabic Translation' പ്രോഗ്രാമിലേക്ക് (2024 – 2025) എസ്.സി./എസ്.ടി. കാറ്റഗറിയിൽ സീറ്റുകൾ ഒഴിവുണ്ട്. (എസ്.സി. – 02, എസ്.ടി. – 01). യോഗ്യത:അറബി ഭാഷയിൽ ബിരുദം/തത്തുല്യം. താൽപ്പര്യമുള്ളവർ അസൽ രേഖകളുമായി 2024 ഒക്ടോബർ 22 ന് രാവിലെ 11 മണിക്ക് കാര്യവട്ടം ക്യാമ്പസിലെ കേരളസർവകലാശാല അറബിക് പഠനവകുപ്പിൽ ഹാജരാകേണ്ടതാണ്. വിശദവിവരങ്ങൾക്ക്: 9747318105

## പ്രാക്ടിക്കൽ പരീക്ഷ പുനഃക്രമീകരിച്ചു

കേരളസർവകലാശാല 2024 ഒക്ടോബർ 22 ന് ആറ്റിങ്ങൽ ഗവ.കോളേജിൽ വച്ച് നടത്താൻ നിശ്ചയിച്ചിരുന്ന നാലാം സെമസ്റ്റർ സി.ബി.സി.എസ്.എസ്.., ജൂലൈ 2024 ബി.കോം. പ്രാക്ടിക്കൽ പരീക്ഷകൾ 2024 ഒക്ടോബർ 25 ലേക്ക് പുനഃക്രമീകരിച്ചിരിക്കുന്നു.

## പരീക്ഷാഫീസ്

കേരളസർവകലാശാല വിദൂരവിദ്യാഭ്യാസകേന്ദ്രം നടത്തുന്ന ഒന്നും രണ്ടും സെമസ്റ്റർ എം.എ/എം.എസ്സി. (റെഗുലർ – 2023 അഡ്മിഷൻ), ഒന്നും രണ്ടും സെമസ്റ്റർ എം.എ./എം.എസ്സി./എം.കോം. (ഇംപ്രൂവ്മെന്റ്/സപ്ലിമെന്ററി – 2022 അഡ്മിഷൻ, സപ്ലിമെന്ററി – 2021 & 2020 അഡ്മിഷൻ), നവംബർ 2024 പരീക്ഷയ്ക്ക് 2024 ഒക്ടോബർ 19 മുതൽപിഴകൂടാതെ ഒക്ടോബർ 26 വരെയും 150/- രൂപ പിഴയോടുകൂടി ഒക്ടോബർ 29 വരെയും 400/- രൂപ പിഴയോടുകൂടി നവംബർ 1 വരെയും ഓൺലൈനായി അപേക്ഷിക്കാവുന്നതാണ്. വിശദ വിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in).

## സർട്ടിഫിക്കറ്റ് കോഴ്സ് ഇൻ കമ്മ്യൂണിക്കേറ്റീവ് അറബിക്

കേരളസർവകലാശാല അറബി വിഭാഗം നടത്തി വരുന്ന ഹ്രസ്വകാല സർട്ടിഫിക്കറ്റ് കോഴ്സ് ഇൻ കമ്മ്യൂണിക്കേറ്റീവ് അറബിക് (online) പതിനാലാമത് ബാച്ചിലേക്ക് അപേക്ഷ ക്ഷണിച്ചു. യോഗ്യത: പ്ലസ് ടു/തത്തുല്യം. ഫീസ് : 6000 രൂപ. കാലാവധി : 6 മാസം. അപേക്ഷ ഫോം തിരുവനന്തപുരം കാര്യവട്ടത്തുള്ള അറബി വിഭാഗം ഓഫീസിലും വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിലും www.arabicku.in ലഭ്യമാണ്. പൂരിപ്പിച്ച അപേക്ഷ ഫോറം 2024 ഒക്ടോബർ

25 വെള്ളിയാഴ്ച വൈകുന്നേരം 5 മണിക്ക് മുമ്പ് വകുപ്പിൽ എത്തിക്കുക. വിശദവിവരങ്ങൾക്ക് 0471-2308846/ 9562722485 എന്നീ നമ്പറുകളിൽ ബന്ധപ്പെടുക.

പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ-ചാർജ്)

**E-mail:** For queries helpdesk@keralauniversity.ac.in/
**website:** www.keralauniversity.ac.in

| |
|---|
| ***University information is available on*** **9188526670, 9188526671, 9188526674, 9188526675**<br>**Whats App No. 8547330240** |